


# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-2026

## തിരുവങ്ങൂർ എച്ച്.എസ്.എസ്

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26
# തിരുവങ്ങൂർ എച്ച്.എസ്.എസ്, തിരുവങ്ങൂർ

**ആമുഖം**

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ആവിഷ്ക്കരിച്ച സമഗ്ര പദ്ധതിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26. പൊതു വിദ്യാഭ്യാസമേഖലയിൽ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന സങ്കല്പത്തിലൂന്നിക്കൊ് കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളെ സമഗ്രമായി ആസൂത്രണം ചെയ്ത് ആവിഷ്ക്കരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തെ ശാക്തീകരിക്കാനുള്ള ശ്രമങ്ങൾ നമ്മുടെ വിദ്യാലയത്തിൽ ആരംഭിച്ചിട്ടു്. വിദ്യാർത്ഥികളുടെ പഠനനില വാരം ഉയർത്തുന്നതിനായി വിജയോത്സവം, പിയർ ഗ്രൂപ്പുകൾ, പിന്നാക്കപഠന പിന്തുണ, ഭാഷാപഠന പിന്തുണ ഉൾപ്പെടയുള്ള വിവിധ പദ്ധതികൾ വിദ്യാലയത്തിൽ നടപ്പിലാക്കിയിട്ടു്. എങ്കിലും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള ആസൂത്രിതമായ അക്കാദമിക്ക് പ്രവർത്തനങ്ങൾ നാം ഏറ്റെടുക്കേിയിരിക്കുന്നു. ഇതിലൂടെ മാത്രമെ അന്താരാഷ്ട്രനിലവാരമുള്ള വിദ്യാഭ്യാസമെന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാനാകൂ. സാമൂഹികവും സാമ്പത്തികവുമായ അവസ്ഥകളെ പരിഗണിച്ച് പ്രാദേശിക കൂട്ടായ്മയിലൂടെ മാത്രമേ പ്രസ്തുത പദ്ധതികൾ പൂർണമായും നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

## ലക്ഷ്യങ്ങൾ

- ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുക
- ഓരോ കുട്ടിയേയും ഒരു യൂനിറ്റായി കണക്കാക്കുക. അവരുടെ വിവിധ മേഖലകളിലുള്ള വികസനം കരിക്കുലവും പാഠ്യപദ്ധതിയും വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുക.
- മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുക.
- സർഗ്ഗപരവും അക്കാദമികവും കാലികവുമായ കഴിവ് പ്രോത്സാഹിപ്പിക്കുക.
- പെൺകുട്ടികളുടെ പദവിയും അവസരതുല്യതയും ഉറപ്പുവരുത്തുക..
- എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരായി മാറ്റുക.
- പ്രത്യേക പരിഗണന അർഹിക്കുന്നവരോടുള്ള സമീപനം.
- മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണാന്തരീക്ഷ ത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്തജനവിഭാഗങ്ങൾക്കു മായി ഉറപ്പുവരുത്തുക.

## വിദ്യാലയചരിത്രം

എലിമെന്ററി സ്കൂളായാണ് തിരുവങ്ങൂർ ഹയർ സെക്കന്ററി സ്കൂളിന്റെ തുടക്കം. 1920 കളിൽ ബ്രിട്ടീഷ് സർക്കാർ പട്ടികജാതിക്കാർക്കായി തുടങ്ങിയ ലേബർ എലിമെന്ററി എൽ.പി.സ്കൂളിന് 1925 ൽ മാവിലേരി ഉണിചാത്തൻനായർ സ്വന്തം സ്ഥലത്ത് കെട്ടിടം പണിതുകൊടുത്തതാണ് വഴിത്തിരിവായത്. അങ്ങാടിയുടെ കിഴക്കുഭാഗത്ത് എടച്ചേരി ശങ്കരക്കുറുപ്പ് എഴുത്ത് പള്ളിക്കൂടമായി തുടങ്ങിയ മറ്റൊരു എയ്ഡഡ് സ്കൂളും ഇതേ കാലയളവിൽ പ്രവർത്തിച്ചിരുന്നു. 1930 കളിൽ ഉണിചാത്തൻ നായരുടെ മകനും സ്ഥാപക മാനേജരുമായ തെക്കേമെക്കാടത്ത് ഗോവിന്ദൻ നായർ ഇത് ഏറ്റെടുത്തു. മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ ഗേൾസ് എലിമെന്ററി സ്കൂളും തിരുവങ്ങൂരിലെ പ്രധാന വിദ്യാലയമായിരുന്നു. ഈ മൂന്ന് സ്കൂളുകളും യോജിപ്പിച്ചാണ് 1939 ൽ തിരുവങ്ങൂർ മിക്സഡ് എലിമെന്ററി സ്കൂളിന് രൂപം നൽകിയത്. 1958 വരെ എൽ.പി. സ്കൂളായും തുടർന്ന് മിക്സഡ് യു.പി. സ്കൂളായും ഇത് പ്രവർത്തിച്ചു. 1966 ജൂണിൽ ഡോ. കെ. ബി. മേനോൻ എം.എൽ.എ ആയ കാലയളവിൽ ഹൈസ്കൂളായും 2000 ജൂണിൽ ഹയർ സെക്കന്ററി ആയും ഉയർത്തി.

3500 ലധികം കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. മാതാപിതാ മെമ്മോറിയൽ ട്രസ്റ്റിന്റെ കീഴിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. റിട്ട. അധ്യാപകൻ ടി. കെ. ജനാർദ്ദനനാണ് മാനേജർ. ടി. കെ. ഷറീന പ്രിൻസിപ്പളും കെ.കെ. വിജിത പ്രധാന അധ്യാപികയുമാണ്.

## നിലവിലെ അവസ്ഥാവിശകലനം

ആധുനിക വൽക്കരണത്തിന്റെ ഭാഗമായി അക്കാദമിക് തലത്തിൽ നിരവധി പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകാൻ കഴിഞ്ഞിട്ടു്. എൻ.സി.സി, സ്കൗട്ട് & ഗൈഡ്സ്, ജെ.ആർ.സി, എസ്.പി.സി എന്നിവയുടെ യൂനിറ്റുകൾ രൂപീകരിച്ചത് ഇതിന്റെ ഭാഗമായാണ്. 2002 മുതൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ ആരംഭിക്കാൻ കഴിഞ്ഞു. സ്കൂളിന് സ്വന്തമായി ഒരു ലൈബ്രറിയു്. കലാകായിക മേഖലയിൽ സംസ്ഥാനതലത്തിൽ തന്നെ നിരവധി നേട്ടങ്ങൾക്ക് നമ്മുടെ വിദ്യാലയത്തിലെ പ്രതിഭകൾ അർഹരായിട്ടു്. സ്കൂളിലെ നാടക ക്ലബായ കളർ ബോക്സിന്റെ നേതൃത്വത്തിൽ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഒട്ടനവധി വർഷങ്ങളിൽ പുരസ്ക്കാരങ്ങൾ നേടാൻ സാധിച്ചിട്ടു്. കൂടാതെ ദഫ് മുട്ട്, അറബന മുട്ട്, കഥകളി, തുടങ്ങിയ ഇനങ്ങളിലും സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനങ്ങളിലെത്തിയിട്ടു്. സ്കൂളിലെ ബോക്സിങ്ങ് ടീം സംസ്ഥാന തലത്തിലും ദേശീയ തലത്തിലും സമ്മാനങ്ങൾ നേടിയിട്ടു്. കരാട്ടെ, കളരി, തുടങ്ങിയ ഇനങ്ങളിലും സംസ്ഥാന തലത്തിൽ നേട്ടങ്ങൾ കൊയ്യാൻ സ്കൂളിന് കഴിഞ്ഞിട്ടു്. ആധുനിക സൗകര്യങ്ങളോടുകൂടിയ നാല് മൂന്നുനില കെട്ടിടങ്ങൾ സ്കൂളിന് പുതുതായി നിർമ്മിച്ചിട്ടു്.

## പരിമിതികൾ

മൂവായിരത്തിലധികം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തേതാണ്. പുതിയ പദ്ധതിയുടെ ഭാഗമായി അറിവ് വിനിമയം ചെയ്യേ സൗകര്യങ്ങൾ പരിമിതമാണ്. സ്മാർട്ട് ക്ലാസ് റൂമുകൾ ഹൈടെക് ലാബ് ഉൾപ്പെടെയുള്ളവ യാഥാർത്ഥ്യമാവണം. കായിക മേഖലയിലും പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികളെ മികച്ച നിലവാരത്തിലേക്കുയർത്താൻ ആവശ്യമായ സൗകര്യങ്ങളും വർദ്ധിപ്പിക്കണം. ബോധനരീതി പിന്തുണ പ്രവർത്തനങ്ങൾ, പഠനസാമഗ്രികൾ, അധ്യാപനശേഷി വികസന പരിപാടികൾ, അക്കാദമിക മോണിറ്ററിങ്ങ് എന്നീ മേഖലകളിലെ പരിമിതികൾ കൂടി പരിഹരിക്കാൻ കഴിയണം. ദേശീയപാതയോരത്തെ ഒരു വിദ്യാലയമെന്ന നിലയിൽ സ്ഥലത്തിന്റെ പരിമിതി ഈ വിദ്യാലയം നേരിടുന്ന വലിയൊരു പ്രശ്നമാണ്

# സ്ഥിതി വിവരകണക്ക്

| | | |
|---|---|---|
| ആകെ കുട്ടികളുടെ എണ്ണം | : | 3222 |
| എൽ.പി വിഭാഗം | : | 204 |
| യു.പി. വിഭാഗം | : | 587 |
| എച്ച്.എസ് വിഭാഗം | : | 1931 |
| എച്ച്.എസ്.എസ് വിഭാഗം | : | 500 |
| ആകെ ക്ലാസുകൾ | : | 68 |
| അദ്ധ്യാപകർ | : | 130 |
| എൽ.പി വിഭാഗം | : | 7 |
| യു.പി വിഭാഗം | : | 25 |
| എച്ച്.എസ് വിഭാഗം | : | 73 |
| എച്ച്.എസ്.എസ് വിഭാഗം | : | 25 |
| അദ്ധ്യാപകേതര ജിവനക്കാർ | : | 7 |
| പാചക തൊഴിലാളികൾ | : | 2 |

## പദ്ധതി രൂപീകരണഘട്ടം

മാസ്റ്റർപ്ലാൻ രൂപീകരിക്കുന്നതിന്റെ ഭാഗമായി മുഴുവൻ ജിവനക്കാരും ഉൾപ്പെട്ട ആലോചനയോഗം പ്രധാന അദ്ധ്യാപികയുടെ അധ്യക്ഷതയിൽ വിളിച്ചുചേർത്തു.എസ്.ആർ.ജി കൺവീനറുടെ നേതൃത്വത്തിൽ പ്രത്യേക സമിതി രൂപീകരിച്ചു.

വിവിധ സബ്ജക്റ്റ് കൗൺസിലുകൾ ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. കരട് രൂപരേഖ എസ്.ആർ.ജിയിൽ അവതരിപ്പിച്ചു.

വിവിധ സമിതികളിൽ നിർദ്ദേശിക്കപ്പെട്ട പ്രവർത്തന പദ്ധതികൾ ചേർത്ത് മാസ്റ്റർ പ്ലാൻ രൂപീകരണം.

## മികവ്-പ്രവർത്തനങ്ങൾ
## ഭൗതികം

**ക്ലാസ്റൂമുകൾ-സ്മാർട്ട് റൂമുകൾ**

നൂതന വിവര വിനിമയ സാങ്കേതിക വിദ്യയുടെ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്താൻ നിശ്ചിത സമയ പരിധിക്കുള്ളിൽ മുഴുവൻ ക്ലാസ് റൂമുകളും സ്മാർട്ട് ക്ലാസ്റുമുകളാക്കി മാറ്റുക.

**ലൈബ്രറി**

സ്കൂൾ ലൈബ്രറി എന്ന സങ്കൽപ്പത്തിനപ്പുറം നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തികൊ് സ്കൂൾ ലൈബ്രറി നവീകരിക്കുക.

**ഹൈടെക് ലാബ്**

നിലവിലുള്ള സയൻസ് ലാബിന്റെ പരിമിതികൾ മറികടന്നുകൊ് പുതിയ ഹൈടെക് ലാബ് ഒരുക്കുക

**കൗൺസിലിംഗ് സെന്റർ**

കൗമാര പ്രായക്കാരായ കുട്ടികളെ പരിഗണിച്ചും മാനസിക പിരിമുറക്കമുൾപ്പെടെയുള്ള പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് ആശ്വാസമേകുന്നതുമായ കൗൺസിലിംഗ് സെന്റർ.

**കലാകായിക പഠനകേന്ദ്രങ്ങൾ**

വിദ്യാലയം കേന്ദ്രീകരിച്ച് കലാപഠന കേന്ദ്രം(ദഫ്മുട്ട്, കോൽക്കളി, അറബനമുട്ട്, ചെമേളം, നാടകം) കായിക പ്രതിഭകളെ വാർത്തെടുക്കാൻ സജ്ജമായ വിവിധ കായിക പഠന വിഭാഗങ്ങൾ (ഫുട്ബാൾ, ക്രിക്കറ്റ്, ബോക്സിംഗ്) പോഷക പ്രധാനമായ ഉച്ചഭക്ഷണം. വൈവിധ്യം, നിലവാരം എന്നിവ പരിഗണിച്ച് പോഷക സമ്പന്നമായ ഉച്ചഭക്ഷണം ഒരുക്കുക. ഉച്ചഭക്ഷണ മെനു തയ്യാറാക്കുക. ആവശ്യത്തിനുള്ള ഭക്ഷ്യ പദാർത്ഥത്തിന്റെ അളവ് ഉറപ്പുവരുത്തുക.

**ഭക്ഷണശാല**

ആരോഗ്യകരമായ അന്തരീക്ഷത്തിൽ ഭക്ഷണം കഴിക്കാൻ സൗകര്യമുള്ള ഭക്ഷണശാല നിർമ്മിക്കുക.

**നവീകരിച്ച അടുക്കള**

അടുക്കളയുടെ ആധുനികവത്കരണത്തിലൂടെ ശുചിത്വം ഉറപ്പുവരുത്തി ഭക്ഷണം പാകം ചെയ്യാനുള്ള സംവിധാനം ഒരുക്കുക. ഇന്ധന നഷ്ടം കുറക്കുക.

**കുടിവെള്ള പദ്ധതി.**

ശുദ്ധജല വിതരണത്തിനായി  ആയിരത്തിലധികം കുട്ടികൾക്ക് ഒരേസമയം കുടിവെള്ളം ലഭ്യമാക്കാൻ കഴിയുന്ന കുടിവെള്ള പദ്ധതി.

**ബയോഗ്യാസ് പ്ലാന്റ്-വേയ്സ്റ്റ് മാനേജ്മെന്റ്**

ഭക്ഷ്യ അവശിഷ്ട്ങ്ങൾ ഉൾപ്പെടെയുള്ള ജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കാൻ കഴിയുന്ന മാലിന്യപ്ലാന്റ് സ്ഥാപിക്കുക.

**മികച്ച ശുചിമുറികൾ**

ആധുനിക രീതിയിൽ സജ്ജീകരിച്ച അണുവിമുക്തമായ ശുചിമുറികൾ സ്ഥാപിക്കുക. പെൺകുട്ടികൾക്ക് ഉപയോഗ യോഗ്യമായ നാപ്കിൻ വൈന്റിഗ് മെഷിനുകൾസ്ഥാപിക്കുക.

**മെച്ചപ്പെട്ട യാത്രാസൗകര്യം**

പൊതുഗതാഗത സംവിധാനത്തെ ആശ്രയിക്കുന്ന കുട്ടികൾ നിരവധി പ്രയാസങ്ങൾ നേരിടുന്നു്. പ്രശ്ന പരിഹാരത്തിനായി കൂടുതൽ സ്കൂൾ വാഹനങ്ങൾ ഒരുക്കി യാത്രാ സൗകര്യം മെച്ചപ്പെടുത്തുക.

## ഭൗതികേതരം

**മലയാളം**

ഭാഷാപരമായ പിന്നോക്കവസ്ഥ പരിഹരിക്കൽ.

പ്രീ-ടെസ്റ്റ്, അക്ഷരം ഉറപ്പിക്കൽ, വാക്കുകൾ നിർമ്മിക്കൽ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്

കുട്ടിയെ മികച്ച വായനക്കാരനാക്കുക.

ക്ലാസ് വായനകൂട്ടം, സ്കൂൾ ലൈബ്രറി നവീകരിക്കൽ, വായനോത്സവം, പത്രവായന, പുസ്തക ചർച്ച, വായനാനുഭവം പങ്കുവെക്കൽ, വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം, വായന കുറിപ്പ്.

**ഇംഗ്ലീഷ്**

ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിനും സ്വതന്ത്ര വായനക്കും എഴുത്തിനും സജ്ജരാക്കുക. ഇംഗ്ലീഷ് വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുക.

ദൈനംദിന ക്ലാസ് റൂം സംഭാഷണങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ, റോൾപ്ലേ, സ്കിറ്റുകൾ എന്നിവ സംഘടിപ്പിക്കുക.

**ഹിന്ദി**

ആത്മവിശ്വാസത്തോടെ ഹിന്ദിയിൽ ആശയവിനിമയം നടത്താൻ അവസരം ഒരുക്കുക.

അക്ഷരങ്ങൾ എഴുതിയ ചാർട്ട് ക്ലാസുകളിൽ പ്രദർശിപ്പിക്കുക.

അക്ഷരം എഴുതാൻ അറിയാത്ത കുട്ടികളെ കത്തെി അവർക്ക് പ്രത്യേക ക്ലാസ് കൊടുക്കുക. ജൂലൈ 31 പ്രേംചന്ദ് ജയന്തിയോടനന്ബന്ധിച്ച് ക്വിസ് മത്സരം നടത്തുക

**ഗണിതം**

അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. ഗണിത ക്ലബിന്റെ നേതൃത്വത്തിൽ പ്രൊജക്റ്റുകൾ, സെമിനാറുകൾ, ദിനാചരണങ്ങൾ, ഗണിത മാഗസിൻ എന്നിവ നിർമ്മിക്കുക. ഗണിത ലാബ് നിർമ്മിക്കുക.

**സോഷ്യൽ സയൻസ്**

സോഷ്യൽ സയൻസ് ലാബ് സെറ്റ് ചെയ്ത് കുട്ടികൾക്ക് കൂടുതൽ പഠന സാഹചര്യമൊരുക്കുക. ക്വിസ്, സെമിനാർ, ദിനാചരണങ്ങൾ നടത്തുക ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക, ശിൽപശാല നടത്തുക. സാമൂഹ്യ ശാസ്ത്രമേളയിൽ സജ്ജീവമായി പങ്കെടുക്കുക

**ശാസ്ത്രം**

ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്താൻ സയൻസ് ക്ലബ് പ്രവർത്തനങ്ങളായ ശാസ്ത്ര പ്രദർശനങ്ങൾ, സയൻസ് കോർണർ, ശാസ്ത്രലാബ്, മാഗസിൻ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, പ്രകൃതി പഠനയാത്ര, ലഹരി വിരുദ്ധപ്രവർത്തനങ്ങൾ, പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്തൽ തുടങ്ങിയവ

**NCC**

സ്കൂളിലെ അക്കാദമിക് മാസ്റ്റർ പ്ലാനിൽ പഠന വിഷയങ്ങൾക്കൊപ്പം തന്നെ പ്രാധാന്യം നൽകേതാണ് ചഇഇ യുടെ പ്രവർത്തനവും .

വിദ്യാർത്ഥികളിൽ അച്ചടക്കവും, നേതൃത്വകഴിവും, ഐക്യവും വളർത്തിയെടുക്കുന്നതിൽ NCC ക്ക് നിർണായകമായ പങ്ക് .

NCC പരേഡിലൂടെ വിദ്യാർത്ഥികളിൽ അച്ചടക്കം വളർത്തുകയും അതിലൂടെ മറ്റു വിദ്യാർത്ഥികൾക്ക് മാതൃക ആവുകയും ചെയ്യുന്നതാണ്.

NCC കേഡറ്റുകളുടെ ക്യാമ്പുകളിലൂടെയും പരേഡിലൂടെയും നേതൃത്വ കഴിവ് വളർത്തി വിദ്യാലയത്തിന്റെ വളർച്ചയ്ക്ക് ഉതകുന്ന പ്രവർത്തനങ്ങൾ നൽകുന്നതാണ്.

സ്കൂളിനെ ഹരിത വിദ്യാലയമാക്കുന്നതിന്റെ ഭാഗമായി സ്കൂളിലെ ശുചിത്വ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും Ncc cadet കളിലൂടെ മറ്റു വിദ്യാർത്ഥികളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യും.

പരിസ്ഥിതി ദിനം , യോഗാ ദിനം , ലഹരി വിമുക്ത ദിനം തുടങ്ങിയ ക്യാമ്പയിനിൽ NCC കേഡറ്റുകൾ സജീവമായി പങ്കെടുക്കുന്നു.

മുൻ വർഷങ്ങളിലെ പോലെ ഈ വർഷവും നാഷണൽ ക്യാമ്പുകളായ ട്രക്കിംഗ്

ക്യാമ്പ് ,ഏക് ഭാരത് ശ്രേഷ്ഠ ഭാരത് ക്യാമ്പ് എന്നിവയിൽ പങ്കെടുത്തതിനുള്ള അവസരം നൽകുകയും A certificate examൽ എല്ലാവരെയും വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നതാണ്.

**വർക്ക് എക്സ്പീരിയൻസ്**

ക്ലബ് രൂപീകരണം- സ്കൂൾതല മേള

ചവിട്ടി നിർമ്മാണത്തിൽ പരിശീലനം, ക്യാരി ബാഗുകളുടെ നിർമ്മാണത്തിൽ പ രിശീലനം

**എസ്.പി.സി**

കുട്ടികളിൽ അച്ചടക്കവും സാമൂഹിക പ്രതിബദ്ധതയും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ രൂപീകൃതമായ എസ്.പി.സി ഈ വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

പരിസ്ഥിതി ദിനം, ലഹരി വിരുദ്ധ ദിനം, യുദ്ധ വിരുദ്ധ ദിനം, സ്വാതന്ത്ര്യ ദിനം, റിപ്പബ്ലിക് ദിനം, എസ്.പി.സി ഡേ ഈ ദിനങ്ങളിൽ വിവിധ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു.

പഠനയാത്ര നടത്തുവാനും എസ്.പി.സി പ്രോജക്ട് ആയ Green Cadet speaks നടത്തുവാനും തീരുമാനിച്ചു.

ഈ വർഷത്തെ എല്ലാ എസ്.പി.സി ക്യാമ്പുകളിലും രക്ഷിതാക്കളുടെയും കുട്ടികളുടെയും സജീവ പങ്കാളിത്തം ഉാവാൻ വേി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

കുട്ടികളിൽ മൂല്യബോധം ഉളവാക്കാൻ എല്ലാ ശനിയാഴ്ചയും പരേഡിന് ശേഷം എസ്.പി.സി ഹാൻഡ്ബുക്കിൽ നൽകിയിട്ടുള്ള വിവിധ വിഷയങ്ങൾ സംബന്ധിച്ച് ക്ലാസ് നൽകുവാൻ തീരുമാനിച്ചു.

**ജെ.ആർ.സി**

2025-26 അധ്യായന വർഷത്തിലെ ജെ.ആർ.സി പ്രവർത്തനങ്ങളുടെ സമയക്രമീകരണം.

സ്കൂൾ ഡാറ്റ അപ്ഡേഷൻ

ജൂലൈ 14നും 31നും ഇടയിൽ പുതിയ യൂണിറ്റ് രൂപീകരണം

സി ലെവൽ എക്സാം- 2025ഓഗസ്റ്റ് 30 ശനി 10A-M (സബ്ജില്ലാകേന്ദ്രത്തിൽ വച്ച് എഴുത്ത് പരീക്ഷ)

എ.ബി പരീക്ഷകൾ ഓൺലൈൻ മുഖേനയാണ്നടത്തുന്നത്

ബി ലെവൽ എക്സാം-ആഗസ്റ്റ് 2 ശനി 10A-M

എ ലെവൽ എക്സാം-ഡിസംബർ 6 ശനി 10A-M

സി ലെവൽ എക്സാം  2026 ജനുവരി 15

ഹെൻറിഡ്യുനാന്റ് അനുസ്മരണ ക്വിസ് -ഒക്ടോബർ

**ജാഗ്രതാ സമിതി**

സ്കൂൾ തുറക്കുന്നതിന്റെ മുന്നോടിയായി ചേർന്ന ഓൺലൈൻ മീറ്റിങ്ങിൽ ഈ വർഷത്തെ പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്തു. വിദ്യാലയ ക്ലാസ്തല ജാഗ്രത സമിതികൾ കുട്ടികളുടെ പ്രശ്നങ്ങളിൽ കാര്യക്ഷമമായി ഇടപെടേതിന്റെ പ്രാധാന്യം ചർച്ച ചെയ്തു. ക്ലാസ് പി.ടി.എ യോഗങ്ങളോടനുബന്ധിച്ച് രക്ഷിതാക്കളുടെ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു. അമ്മ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കാനും തീരുമാനിച്ചു. അധ്യാപക ശാക്തീകരണം പ്രവർത്തനങ്ങൾ ദിനാചരണങ്ങളോട് അനുബന്ധിച്ച് ബോധവൽക്കരണം പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതോടൊപ്പം കാലികമായ കാര്യങ്ങളിൽ ശാസ്ത്രീയമായ വിശകലനം ചെയ്തു കുട്ടികളുടെ സംശയദുരീകരണവും ലക്ഷ്യമാക്കുന്നു.

**ഹെൽത്ത് ക്ലബ് 2025**

Fe-Folic accid ഗുളികകൾ കുട്ടികൾക്ക് നൽകാൻ തീരുമാനിച്ചു

ഓരോ ആഴ്ചയിലും തിങ്കളാഴ്ച നൽകാൻ തീരുമാനിച്ചു.

കാഴ്ച-ടെസ്റ്റ് ചെയ്യാൻ തീരുമാനിച്ചു

**മോണിറ്ററിംഗ്**

സമയബന്ധിതമായ മോണിറ്ററിംഗ് സംവിധാനം കൊ് മാത്രമേ കുട്ടി കൈവരിച്ച നേട്ടങ്ങളെ തിരിച്ചറിയാനും അവർ നേരിടുന്ന പ്രശ്നങ്ങളെ കത്തെി പരിഹരിക്കാനും കഴിയുകയുള്ളൂ. മാസംതോറും എസ്.ആർ.ജി യോഗത്തിൽ പഠനപ്രവർത്തനങ്ങൾ വിലയിരുത്തും അധ്യാപക ശാക്തീകരണത്തിന്റെ ഭാഗമായി പരിശീലന കേന്ദ്രങ്ങൾ വിദ്യാലയത്തിൽ ഒരുക്കുകയും വിഭവ വിനിമയ സാദ്ധ്യത പ്രയോജനപ്പെടുത്തുകയും വേണം. പുതിയ പഠന തന്ത്രങ്ങൾ ആവിഷ്കരിച്ച് വ്യത്യസ്ത നിലവാരത്തിലുള്ള എല്ലാ വിഭാഗം കുട്ടികൾക്കും പഠന നേട്ടം ഉറപ്പുവരുത്തൽ മോണിറ്ററിംഗ് പ്രവർത്തനത്തിന്റെ പ്രതിഫലനങ്ങളായിരിക്കണം. ഇത്തരത്തിൽ പ്രകൃതി, ശാസ്ത്ര, ചരിത്ര, ഭാഷാ പഠനകേന്ദ്രങ്ങൾ എന്ന നിലയിൽ വിദ്യാലയത്തെ ഉയർത്താൻ കഴിയണം.

**ഉപസംഹാരം**

സമൂഹത്തിന്റെ സംസ്കാര മുദ്രയായി നമ്മുടെ വിദ്യാലയത്തെ മാറ്റിയെടുക്കുക എന്ന പരമമായ ലക്ഷ്യത്തെ മുൻനിർത്തിയാണ് അക്കാദമിക് മാസ്റ്റർ പ്ലാന് രൂപം നൽകിയത്. പൊതു വിദ്യാലയം മികവിന്റെ കേന്ദ്രമാക്കുക എന്ന കാഴ്ചപ്പാടാണ് ഇതിനാധാരം. വിദ്യാലയം വിഭവ സമ്പന്നമായെങ്കിൽ മാത്രമേ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ നമ്മുടെ വിദ്യാർഥികൾ ഉന്നതിയിൽ എത്തുകയുള്ളൂ. ഇതിനായി മികച്ച ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതോടൊപ്പം ഒരു വ്യക്തിയുടെ സമഗ്ര വികസനത്തിനുതകുന്ന പഠന നേട്ടങ്ങൾ കൂടി കുട്ടികൾക്ക് നൽകാൻ കഴിയണം. വിദ്യാലയവും പൊതുസമൂഹവും തമ്മിലുള്ള ബന്ധം ദൃഢമാക്കുന്നതിലൂടെയാണ് നാം വിഭാവനം ചെയ്ത പദ്ധതികൾ പൂർണതയിൽ എത്തേ ത്.